**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3934** **17-03-2025 - ൽ മറുപടിയ്ക്ക്**

**വാരപ്പെട്ടി പഞ്ചായത്തിലെ ഐസൊലേഷൻ സെന്ററിന്റെ നിർമ്മാണ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ആന്റണി ജോൺ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | കോതമംഗലം മണ്ഡലത്തിൽ വാരപ്പെട്ടി പഞ്ചായത്തിലെ ഐസൊലേഷൻ സെന്ററിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട നിലവിലെ സാഹചര്യം വ്യക്തമാക്കാമോ; | (എ) | കോതമംഗലം മണ്ഡലത്തിൽ വാരപ്പെട്ടി പഞ്ചായത്തിലെ ഐസൊലേഷൻ വാർഡിന്റെ പ്രവൃത്തികൾ നിലവിൽ 85%ത്തോളം പൂർത്തിയായിട്ടുണ്ട് . ഇലക്ട്രിക്കൽ ഫിറ്റിങ്സ്, ഹാൻഡ് റെയിൽ വർക്ക്, പെയിന്റിംഗ് എന്നിവയാണ് അവശേഷിക്കുന്ന പ്രവൃത്തികൾ. |
| (ബി) | എന്തെല്ലാം സേവനങ്ങളും സൗകര്യങ്ങളുമാണ് ഐസൊലേഷൻ സെന്ററിൽ ഒരുക്കുന്നത് എന്നറിയിക്കുമോ; | (ബി) | 10കിടക്കകളുള്ള ഒരു ഐസൊലേഷൻ വാർഡിന് വേണ്ട ഗ്യാസ് സൗകര്യങ്ങൾ ഉൾപ്പെടെ എല്ലാവിധ മെഡിക്കൽ ഉപകരണങ്ങളും 2400 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണമുള്ള പ്രീ-എഞ്ചിനീയറിംഗ് സ്ട്രെച്ചറുകളും ഉപയോഗിച്ചുള്ള നിർമ്മാണമാണ് നടത്തിവരുന്നത്. 10 ICU , Doctor room-1, Nursing Station, Procedure room, 7 Toilets, Medical Gas Plant എന്നീ ആധുനിക സൗകര്യങ്ങൾ ഉൾപ്പെടുത്തിയാണ് ഐസൊലേഷൻ വാർഡ് നിർമ്മിക്കുന്നത്. |
| (സി) | എത്ര തുകയാണ് ഐസൊലേഷൻ സെന്ററിന്റെ നിർമ്മാണത്തിനായി ചെലവഴിക്കുന്നത് എന്നറിയിക്കുമോ; | (സി) | കിഫ്ബി ഫണ്ടും, എം .എൽ. എ. ആസ്തി വികസന ഫണ്ടും തുല്യമായി വിനിയോഗിച്ച് ഒരു ഐസൊലേഷൻ വാർഡ് നിർമ്മാണത്തിനായി ആകെ 1,75,96,748/- രൂപയാണ് അനുവദിച്ചിട്ടുള്ളത്. |
| (ഡി) | ഐസൊലേഷൻ സെന്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിൽ പൂർത്തീകരിച്ച് സെന്റർ പ്രവർത്തനം ആരംഭിക്കുന്നതിനു വേണ്ടിയുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ ? | (ഡി) | നിലവിൽ ഐസൊലേഷൻ വാർഡിന്റെ ഫിനിഷിങ് പ്രവൃത്തികൾ പുരോഗമിച്ച് വരികയാണ്. ആയവ പൂർത്തീകരിച്ച് ഇലട്രിക് കണക്ഷനും, വാട്ടർ കണക്ഷനും ലഭിക്കുന്ന മുറയ്ക്ക് സെന്റർ പ്രവർത്തനം ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ